കവഴി ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ജയിലിൽ കഴിയേണ്ടിവരുന്ന പല കേരളീയരുടെയും മോചനം വേഗം സാധ്യമായിത്തീരുന്നുണ്ട്.

ക്ഷേമ പെൻഷനുകൾ

4 (656)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശിക കഴിവതുംവേഗം കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	ജില്ല	വികലാംഗ പെൻഷൻ	വിധവാ പെൻഷൻ
	തിരുവനന്തപുരം	10 മാസം	7 മാസം
	കൊല്ലം	9 മാസം	9 മാസം
	പത്തനംതിട്ട	8 മാസം	8 മാസം
	ആലപ്പുഴ	13 മാസം	9 മാസം
	കോട്ടയം	5 മാസം	5 മാസം
	ഇടുക്കി	6 മാസം	10 മാസം
	എറണാകുളം	6 മാസം	6 മാസം
	തൃശ്ശൂർ	7 മാസം	8 മാസം
	പാലക്കാട്	6 മാസം	8 മാസം
	മലപ്പുറം	9 മാസം	9 മാസം
	കോഴിക്കോട്	11 മാസം	11 മാസം
	വയനാട്	6 മാസം	6 മാസം
	കണ്ണൂർ	7 മാസം	9 മാസം
	കാസർഗോഡ്	8 മാസം	8 മാസം

കർഷകത്തൊഴിലാളി പെൻഷൻ 11 മാസത്തെ കുടിശ്ശികയുണ്ട്.

(ബി) കുടിശ്ശിക കഴിവതും വേഗം കൊടുത്തുതീർക്കുന്നതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 2000-2001 ലെ പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്ന മുറക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള ഫണ്ട് വിതരണം ചെയ്യുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

5 (657) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly